# കേരള സർക്കാർ

## പതിമൂന്നാം കേരള നിയമസഭ

## 8-ാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 595, 19.03.2013 - ലെ മറുപടിയ്ക്ക്**

## പബ്ളിക് പോളിസി റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്

| ചോദ്യം<br>ശ്രീമതി.കെ.കെ.ലതിക | ഉത്തരം<br>ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പു മന്ത്രി<br>ശ്രീ.കെ.എം.മാണി. |
|---|---|
| (എ). സർക്കാർ പബ്ളിക് പോളിസി റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് എന്ന പേരിൽ തുടങ്ങിയിട്ടുളള സ്ഥാപനത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളും പ്രവർത്തന രീതികളും എന്തൊക്കെയെന്ന് വ്യക്തമാക്കുമോ. | ആധുനിക ജനാധിപത്യ ഭരണസംവിധാനങ്ങളെല്ലാം വിവിധ മേഖലകളിൽ കുറ്റമറ്റ രീതിയിലുള്ള നയരൂപീകരണം നടത്തുന്നതിനും പദ്ധതികൾ ആവിഷ്കരിക്കുന്നതിനും ശാസ്ത്രീയ ഗവേഷണ സ്ഥാപനങ്ങളുടെ സഹായം പ്രയോജനപ്പെടുത്താറുണ്ട്. സംസ്ഥാനത്തിന്റെ പൊതുവായ പ്രശ്നങ്ങൾക്ക് ആവശ്യമായ സമഗ്രമായ നയരൂപീകരണത്തിനും ആഗോളചലനങ്ങൾക്കും മാറുന്ന പ്രവണതകൾക്കും അനുസരണമായി പ്രവർത്തനങ്ങളെല്ലാം തന്നെ പുനഃസംഘടിപ്പിക്കുകയും വീണ്ടും ക്രമപ്പെടുത്തുകയും ചെയ്ത് കേരളത്തെ അഭിവൃദ്ധിയിലേയ്ക്ക് നയിക്കാൻ |

| | |
|---|---|
| | വേണ്ടിയാണ് സെന്റർ ഫോർ ഡെവലപ്മെന്റ് സ്റ്റഡീസ് മാതൃകയിൽ പോളിസി റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിച്ചു കൊണ്ടു 13/02/2013 ലെ സർക്കാർ ഉത്തരവ് (പി) 78/2013/ധന പ്രകാരം ഉത്തരവായത്. കേരള സമൂഹവും സമ്പദ് വ്യവസ്ഥയും നേരിടുന്ന പ്രശ്നങ്ങളെ പരിഹരിക്കാനായി ഈ ഇൻസ്റ്റിറ്റ്യൂട്ട് വിവിധ മേഖലകളിലെ ഗവേഷണവും ഡോക്യുമെന്റേഷനും ഏറ്റെടുത്തുകൊണ്ട് അറിവിന്റെ ഉൽപാദനത്തിന്റെയും വ്യാപനത്തിന്റെയും കേന്ദ്രമായി പ്രവർത്തിക്കേണ്ടതാണ്. മികച്ച വിദ്യാഭ്യാസ വിദഗ്ധരുടെയും ഭരണതന്ത്രജ്ഞരുടെയും നിയമവിദഗ്ധരുടെയും സേവനം ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനത്തിനായി വിനിയോഗിക്കേണ്ടതുണ്ട്. |
| (ബി) പ്രസ്തുത സ്ഥാപനത്തിന്റെ ഡയറക്ടർ തസ്തികയിൽ നിയമിച്ചിട്ടുള്ള ഉദ്യോഗസ്ഥൻ വകുപ്പു തലത്തിലുള്ള എന്തെങ്കിലും അന്വേഷണമോ നടപടികളോ നേരിട്ടിട്ടുള്ള ആളാണോ എന്ന് വ്യക്തമാക്കുക. | പ്രസ്തുത സ്ഥാപനത്തിന് ഡയറക്ടർ തസ്തിക സൃഷ്ടിക്കുകയോ അതിൽ ആരെയും നിയമിക്കുകയോ ചെയ്തിട്ടില്ല. |

| | |
|---|---|
| (സി) എങ്കിൽ അദ്ദേഹത്തിന്റെ പേരിൽ ആരോപിക്കപ്പെട്ടിരുന്ന കുറ്റങ്ങൾ എന്തൊക്കെയായിരുന്നുവെന്നും ഇക്കാര്യത്തിൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്നും വ്യക്തമാക്കാമോ. | ബാധകമല്ല. |

സെക്ഷൻ ഓഫീസർ